**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഡിസംബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയാണ്. |
| (ബി) | സർക്കാർ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ കടമെടുത്ത തുക എത്രയെന്നും നടപ്പ് സാമ്പത്തിക വർഷം കടം എടുക്കാൻ അനുവദനീയമായ തുക എത്രയെന്നും വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്ത രോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി. ഇതുവരെ 26,498.19 കോടി രൂപ കടമെടുത്തിട്ടുണ്ട് (31.01.2023 വരെ) |

സെക്ഷൻ ഓഫീസർ